## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4615 28.6.2013-ൽ മറുപടിക്ക്

### ഖരമാലിന്യ സംസ്ക്കരണം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
'' വി. ശിവൻകുട്ടി
'' സാജു പോൾ
'' ബി.ഡി. ദേവസ്സി

എ) മാലിന്യം, ജലസ്രോതസ്സുകളിൽ എത്തി ജലം മലിനമാകുന്നത് തടയാൻ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) മാലിന്യ സംസ്കരണ പ്ലാന്റുകൾ ഏർപ്പെടുത്തുവാൻ നിയമപരമായ ബാധ്യത ഉറപ്പാക്കത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കുമോ ;

സി) നിലവിലെ ഖരമാലിന്യ സംസ്ക്കരണത്തിന്റെ പോരായ്മകൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും നഗര വികസന വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

എ) ഇല്ല.

ബി) മാലിന്യസംസ്കരണ പ്ലാന്റുകൾ ഏർപ്പെടുത്തുവാനുള്ള ചുമതല 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരവും 1994 ലെ കേരള മുനിസിപ്പൽ നിയമപ്രകാരവും 2000-ആണ്ടിലെ നഗര ഖരമാലിന്യ പരിപാലന കൈകാര്യ ചട്ടങ്ങൾ പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെടുത്തിയിട്ടുണ്ട്.

സി) നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുവാനുള്ള സാങ്കേതിക സഹായവും 100 ശതമാനം സാമ്പത്തിക സഹായവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ